Talented Bankers Literary Panel
പുസ്തക പരിചയം 225.

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൊല്ലം ശാഖ.

പന്ത്രണ്ടുപേർ ചന്ദ്രനിൽ
വി പി ബാലഗംഗാധരൻ.

ചന്ദ്രനിൽ ഇതുവരെ എത്ര മനുഷ്യർ ഇറങ്ങിയിട്ടുണ്ട്?

ഗൂഗിളിൽ നോക്കിയാൽ ഇതിന്റെ ഉത്തരം കിട്ടും.. 12 പേർ എന്നത്....

അവരുടെ പേരും മറ്റ് വിവരങ്ങളും അതിൽ നിന്ന് ലഭ്യമാണ്.

പക്ഷേ കേരളത്തിൽ ഒരു സ്ഥലത്തുനിന്നും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്ക്, അല്ലെങ്കിൽ ലോകത്തിന്റെ കാലാവസ്ഥാമാറ്റം ഉള്ള മറ്റൊരു സ്ഥലത്തേക്കു പോകുന്നതുപോലെ സുഗമമായ ഒരു യാത്രയായിരുന്നോ അത്?

അല്ല എന്ന് നിശ്ചയം പറയാം കാരണം... ഭൂമിയുടെ ഗുരുത്വാകർഷണ പരിധിവിട്ട്, ഭൂഗുരുത്വം ഇല്ലാത്ത ഒരു അവസ്ഥ, താണ്ടി ഭൂമിയേക്കാൾ ഗുരുത്വകർഷണം കുറഞ്ഞ,അറിയപ്പെടാത്ത മറ്റൊരു സ്ഥലത്ത് എത്തിച്ചേരുക....

വൈമാനികർക്കും ഉപകരണങ്ങൾക്കും യന്ത്രങ്ങൾക്കും ആകെ വെല്ലുവിളികൾ നിറഞ്ഞ ഒരു യാത്ര... ( വൈമാനികർ ക്ക് ഉണ്ടാകുന്ന ഒരു ചെറിയ ജലദോഷം പോലും യാത്രയിൽ വല്ലാതെ ദോഷം ചെയ്യും. ഗുരുത്വാകർഷണം ഇല്ലാത്ത അവസ്ഥയിൽ ജലദോഷം മൂലം ഉള്ള വെള്ളം മൂക്കിൽ നിന്നും താഴോട്ടു വരില്ല അത് മൂക്കിൽ തന്നെ തങ്ങിനിൽക്കും )

അങ്ങനെ... ലോകത്തിൻറെ ആകാശത്തിനും അപ്പുറത്തേക്ക് ഉള്ള യാത്രയിലെ ഓരോഘട്ടവും വിശദമായ വിവരിക്കുകയും ഒരു സർപ്രൈസ് ത്രില്ലർ പോലെ ശാസ്ത്രകുതുകികൾ ക്ക് ആവേശം ജനിപ്പിക്കുകയും ചെയ്യുന്ന ഇന്നുവരെയുള്ള ചന്ദ്ര യാത്രയുടെ കഥയാണ് ഈ പുസ്തകത്തിലുള്ളത്.

ആദ്യകാലത്ത് സ്പെയ്സ് മിഷൻ എന്നത് രണ്ട് വൻശക്തികളുടെ മേൽക്കോയ്മയുടേയും പരസ്പര മത്സരത്തിൻ്റേയും കഥയായിരുന്നു. റഷ്യയുടെയും അമേരിക്കയുടെയും... ഈ മത്സരങ്ങളിൽ ആദ്യമൊക്കെ

റഷ്യ ആയിരുന്നു മുന്നിൽ എന്ന് പറയാം .(സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് കേട്ട ഒരു കഥയുണ്ട് ,അമേരിക്ക ബഹിരാകാശത്തേക്ക് പോകാൻ എല്ലാ തയ്യാറെടുപ്പുകളും നടത്തിയിരുന്നു .

പക്ഷേ ഒരു ചെറിയ സാങ്കേതിക പ്രശ്നം ബഹിരാകാശത്ത് വെച്ച് വൈമാനിക എഴുതാൻ പറ്റിയ ഒരു പേന തയ്യാറാക്കാൻ പറ്റിയിരുന്നില്ല . എല്ലാ പേനകളും ഗുരുത്വാകർഷണം അടിസ്ഥാനമാക്കി ആണല്ലോ എഴുതുന്നത് . ഇതിനിടയിൽ റഷ്യ ബഹിരാകാശത്തേക്ക് പോയി വന്നു .പേനയെ കുറിച്ച് ചോദിച്ചപ്പോൾ റഷ്യക്കാർ പറഞ്ഞുവത്രെ അവർ പേന ഉണ്ടാക്കാൻ മിനക്കെട്ടില്ല പകരം പെൻസിൽ ബഹിരാകാശത്തെ ഉപയോഗത്തിനുവേണ്ടി കൊണ്ടുപോയി എന്ന്)കഥ സത്യമാണെങ്കിലും അല്ലെങ്കിലും (ഈ കഥ ഈ പുസ്തകത്തിൽ ഉള്ളതല്ല ) ബഹിരാകാശ യാത്രയ്ക്ക് വേണ്ടുന്ന സാധനങ്ങൾ നിർമിക്കുന്നതിലെ സൂക്ഷ്മത യിലേക്ക് ഇത് വിരൽചൂണ്ടുന്നു .

ഈ പുസ്തകത്തിലെ ആദ്യഭാഗം ഭൂമിയുടെ ആകർഷണ പരിധിക്ക് പുറത്ത് ബഹിരാകാശത്തേക്ക് ഉള്ള യാത്രകളുടെ കഥയാണ് പറയുന്നത്. ഒപ്പം റഷ്യയുടെ വിജയത്തിന്റെ കഥകളും.

മനുഷ്യൻ പോകുന്നതിനുമുമ്പ് അനേകം ജീവജാലങ്ങളെ ബഹിരാകാശത്ത് എത്തിച്ച് അവരുടെ ശാരീരിക അവസ്ഥകൾ പഠിച്ചതിനുശേഷമാണ് മനുഷ്യനെ ചന്ദ്രനിൽ അയക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങുന്നത്.

മനുഷ്യൻ്റ ചന്ദ്രനിലേക്കുള്ള യാത്ര അത് അമേരിക്കൻ പ്രസിഡൻ്റ് കെന്നഡിയുടെ അഗ്രഹത്തിൻ്റെ പൂർത്തീകരണമാണ്'' ആ ആഗ്രഹം നടപ്പിൽ നടത്താൻ വേണ്ടി മുന്നിട്ടിറങ്ങിയ ഒരു സ്ഥാപനത്തിന്റെ പ്രയത്നവും... ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കും എന്ന് പറയുന്നതുപോലെ ,തെറ്റുകൾ ഉണ്ട് എന്ന് അറിഞ്ഞിട്ടും വാഗ്ദാനം ചെയ്ത സമയത്ത് ചെയ്തു തീർക്കാൻ വേണ്ടിചില കടുത്ത തീരുമാനങ്ങൾ എടുക്കേണ്ടി വന്ന സ്ഥാപനത്തിൻ്റെയും അതിലെ ജീവനക്കാരുടേയും കഥയാണ് ...ജീവനും മരണവും ഒരുപോലെ മുന്നിൽകണ്ട് അന്യഗ്രഹങ്ങളിലേക്ക് പറന്നുയർന്ന വൈമാനികരുടെ കഥയാണ്... ആദ്യകാല കംപ്യൂട്ടറുകളുടെയും ടെലിവിഷൻ സംപ്രേക്ഷണത്തിൻ്റേയും ഭൂമിക്ക് പുറത്തുനിന്നുള്ള അറു ഫോൺ വിളികളുടെയും കഥയാണ് ... ഒപ്പം ശാസ്ത്രത്തിൻ്റെയും മാനവരാശിയുടേയും വിജയത്തിൻ്റേയും കഥയായിരുന്നു..

പുസ്തകത്തിന്റെ ഏതാണ്ട് പകുതിയോടെ എത്തുമ്പോൾ ചന്ദ്രയാത്രയുടെ വിവരണം തുടങ്ങുന്നു.

മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ പോയത് അപ്പോള സ്പേസ് ക്രാഫ്റ്റിൽ

ആണ് .ഒന്നാമത്തെ അപ്പോളോ വിക്ഷേപണത്തിന് കൗണ്ട് ഡൗൺ പുരോഗമിക്കുന്നതിനിടയിൽ പേടകത്തിനുള്ളിൽ തീപിടിച്ച് മൂന്നു വൈമാനിക വെന്തു മരിച്ച കാര്യം പ്രത്യേകം സ്മരിക്കുന്നു . എങ്കിലും അപ്പോളോ- പതിനൊന്നിൽ അവർക്ക് മനുഷ്യനെ ചന്ദ്ര ഉപരിതലത്തിൽ എത്തിക്കാൻ കഴിഞ്ഞു.

യാത്രയ്ക്ക് തയ്യാറാക്കിയ പദ്ധതി പ്രകാരം 3 പേർ ഭൂമി യിൽ നിന്ന് യാത്ര തിരിക്കും.

ഭൂമിയുടെ ആകാശ പരിധിവരെ അവരെ കൊണ്ടുപോകുന്ന റോക്കറ്റുകളും അവിടെനിന്ന് ബഹിരാകാശത്തെത്തിക്കുന്ന ബൂസ്റ്ററുകളും വഴിയിൽ പലസ്ഥലങ്ങളിലായി പ്രധാന യൂണിറ്റൽ നിന്നും ബന്ധം വിടുവിച്ച് തുടർന്ന് കമാൻഡ് സർവീസ് മോഡ്യൂൾ എന്ന ഭാഗവും ലൂണാർ മോഡ്യൂൾ എന്ന ഭാഗവും മാത്രംആണ് ചന്ദ്രന്റെ ഉപരിതലത്തിലേക്ക് പ്രവേശിക്കുന്നത് .ചന്ദ്രൻറെ ഉപരിതലത്തിൽ വെച്ച് രണ്ടുപേർ ലൂണാർ മോഡ്യൂളിന് ഉള്ളിലേക്ക് മാറും. കമാൻഡ് മോഡ്യൂളിൽ ഒരാൾ ചന്ദ്രനെ ചുറ്റി കൊണ്ടിരിക്കും.2 പേരു മായി ചന്ദ്രനിലേക്ക് ഇറങ്ങുന്ന ലൂണാർ മോഡ്യൂളിൽ ഡിസെൻ്റിങ്ങ് ,അസെൻ്റിങ് എന്നീ രണ്ടു ഭാഗങ്ങൾ ഉണ്ടായിരിക്കും .ചന്ദ്രനിലേക്ക് ഇറങ്ങാൻ ഡിസൈനിങ് ഉപയോഗിക്കുകയും അവിടെ എത്തിയതിനു ശേഷം അത് ചന്ദ്രോപരിതലത്തിൽ തന്നെ ഉപേക്ഷിക്കുകയും ചെയ്യും പിന്നെ അസെൻഡ് മോഡൂൾ ഉപയോഗിച്ച് ചന്ദ്രൻറെ ഉപരിതലത്തിൽ എത്തി .CSM മായിയോജിപ്പിച്ച് വൈമാനികർ CSM ലേക്ക് മാറിക്കയറി അത് ഭൂമിയിലേക്ക് യാത്ര തിരിക്കുന്നു. ഭൂമിയിൽ പുനഃപ്രവേശനം ചെയ്ത് കഴിഞ്ഞ് നിശ്ചിത ഉയരത്തിൽ വച്ച് പാരച്യൂട്ട് പ്രവർത്തിപ്പിച്ച് കടലിലേക്ക് വൈമാനികൾ ചാടുന്നു അതായിരുന്നു യാത്രകൾക്ക് പ്ലാൻ ചെയ്ത രീതി .

അങ്ങനെ 1969 ജൂലൈ പതിനാറാം തീയതി ഫ്ലോറിഡയിൽ നിന്ന് പറന്നുയർന്ന നീൽ ആംസ്ട്രോങ്ങ് , എഡ്വിൻ ബസ് ആൾഡ്രിൻ . മൈക്കൽ കോളിൻസ് എന്നിവർ ചന്ദ്രൻ്റെ ഭ്രമണപഥത്തിൽ എത്തുകയും ആംസ്ട്രോങ്ങും എഡ്വിനും ചന്ദ്രനിൽ കാൽ കുത്തകയും ചെയ്തു. കോളിൻസ് സിഎസ് എം നിയന്ത്രിച്ചു അവരെ കാത്ത് ചന്ദ്രനെ പ്രദക്ഷിണം ചെയ്തു കൊണ്ടിരുന്നു.അങ്ങനെ മാനവരാശിയുടെ വിജയം 1969 ജൂലൈ 21 രാത്രി 8 .17 ന് (ഇന്ത്യൻ സമയം രാവിലെ 1 48) മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങി.

നാസയുടെ തയ്യാറെടുപ്പുകളുടെ കൂട്ടത്തിൽ വൈമാനികർ മരിച്ചുപോയാൽ എന്ത് ചെയ്യണമെന്നുള്ള കാര്യങ്ങൾ വരെ ചെയ്ത് വെച്ചിരുന്നു

ആദ്യം വൈമാനികരുമാ യുമായുള്ള കമ്മ്യൂണിക്കേഷൻ വിച്ഛേദിക്കണം, പിന്നെ ഒരു ക്രിസ്ത്യൻ പുരോഹിതൻ അവർക്ക് രണ്ടുപേർക്കും

അന്ത്യകൂദാശ ചെയ്യണം. കടലിൽ മരണപ്പെട്ട ജഡം കിട്ടാത്തവർക്ക് നടത്തുന്ന രീതിയിലുള്ള അവസാന പ്രാർത്ഥന.. പ്രസിഡൻറ് അവരുടെ ഭാര്യമാരെ ഫോണിൽ വിളിച്ച് ആശ്വസിപ്പിക്കണം. തുടർന്ന് ടീവിയിൽ പ്രത്യക്ഷപ്പെട്ടു അനുശോചന സന്ദേശം വായിക്കണം..

പുസ്തകത്തിൻറെ തുടർന്നുള്ള ഭാഗങ്ങളിൽ ബാക്കി പത്ത് പേർ 1972 വരെയുള്ള കാലഘട്ടങ്ങളിൽ ചന്ദ്രനിൽ പോയ കഥ വിവരിക്കുന്നു ..

പിന്നീട് ,' വരാനിരിക്കുന്ന ചന്ദ്രയാത്ര കളുടെ കഥകളും ചുരുക്കത്തിൽ പറഞ്ഞു പോകുന്നു..

പുസ്തകം എഴുതിയിരിക്കുന്നത് ബഹിരാകാശ ഗവേഷണ രംഗത്ത് 42 കൊല്ലത്തെ പരിചയവും മുപ്പതിലധികം ഗവേഷണ പ്രബന്ധങ്ങളും എഴുതിയ വിക്രം സാരാഭായ് ബഹിരാകാശ ഗവേഷണ കേന്ദ്രത്തിലെ മുൻ ഉദ്യോഗസ്ഥനായ ബി പി ബാലഗംഗാധരൻ ആണ്. ലളിതമായ ഭാഷയിൽ അവശ്യം വേണ്ടിടത്ത് ചിത്രങ്ങൾ സഹിതം മനോഹരമായി കഥ പറഞ്ഞു പോകുന്നു .സസ്പെൻസ് നിലനിർത്താൻ വേണ്ടി കാലക്രമത്തിൽ അല്ലാതെ ചിലഭാഗങ്ങൾ മുന്നിലും പിന്നിലും ആക്കി ക്രമീകരിച്ചിരിക്കുന്നു. ആർക്കും വായിക്കാൻ പറ്റുന്ന കൗതുകമുണർത്തുന്ന വിഷയത്തിലെ മനോഹരമായ ഒരു പുസ്തകം

പ്രിയത ബുക്ക്സ് ആണ് പ്രസാധകർ
വില:220 രൂപ

വാൽക്കഷണം: 2012 ൽ ആംസ്ട്രോങ്ങിൻ്റെ മരണശേഷം അദ്ദേഹത്തിൻറെ ആരാധകരോട് കുടുംബാംഗങ്ങൾ പറഞ്ഞത് "ആംസ്ട്രോങ്ങിൻ്റെ നേട്ടങ്ങളെ നിങ്ങൾ ബഹുമാനിക്കുന്നുണ്ടെങ്കിൽ അടുത്ത തവണ പൂർണ്ണചന്ദ്രൻ നിങ്ങളെ നോക്കി ചിരിക്കുമ്പോൾ ചന്ദ്രനെ നോക്കി കണ്ണിറുക്കുക. അതാണ് നിങ്ങൾക്ക് അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും വലിയ ആദരം "